(ബി) ഇതുസംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 28-11-2009 മുതൽ ആർ.ബി.ഡി.സി.കെ. (Roads & Bridges Development Corporation of Kerala Ltd) നിർമ്മിക്കുന്ന എല്ലാ റെയിൽവെ മേൽപ്പാലങ്ങളിലും ടോൾ പിരിവ് നടത്തുന്നതിന് 28-11-2009 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 1715/2009/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ചീരക്കുഴി പാലത്തിൽ ടോൾ പിരിവ്

315 (7280) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ ചീരക്കുഴി പാലത്തിൽ ടോൾ പിരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പാലത്തിൽകൂടിയുള്ള വാഹനഗതാഗതത്തിന്റെ സെൻസസ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) സെൻസസ് റിപ്പോർട്ടിൽ ടോൾ പിരിക്കുന്നത് ലാഭമാണോ അതോ നഷ്ടമാണോയെന്ന് സ്പഷ്ടീകരിച്ചിട്ടുണ്ടോ ;

(ഇ) ലാഭകരമല്ലായെങ്കിൽ ടോൾ പിരിവ് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19-5-2014-ലെ കേരള ഗസറ്റിൽ (വാല്യം 3-നമ്പർ 1267) അസാധാരണ വിജ്ഞാപനമായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 298/2014 (നമ്പർ 7977/എച്ച്2/2014/പി.ഡബ്ല്യു.ഡി തീയതി 14-5-2014) പ്രകാരം തൃശ്ശൂർ ജില്ലയിലെ ചീരക്കുഴി പുതിയ പാലത്തിലൂടെ കടന്നുപോകുന്ന വാഹനങ്ങളിൽ നിന്നും ടോൾ പിരിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ലാഭകരമല്ലായെന്ന് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരളാ ടോൾസ് ആക്ട് 1976, കേരളാ ടോൾസ് ലെവി റൂൾസ് 1983 എന്നിവ അനുസരിച്ച് 5 കോടി മുതൽ 10 കോടി രൂപ വരെ നിർമ്മാണ ചെലവുള്ള പാലങ്ങളിൽനിന്ന് 15 വർഷംവരെ അല്ലെങ്കിൽ നിർമ്മാണ ചെലവും 8% സാധാരണ പലിശയും ചേർന്നുവരുന്ന തുക പിരിഞ്ഞുകിട്ടുന്നതു വരെ, ഇതിൽ ഏതാണോ ആദ്യം പൂർത്തീകരിക്കപ്പെടുന്നത് അതുവരെ ടോൾ പിരിക്കേണ്ടിവരും. അതിനാൽ നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പ്രസ്തുത പാലത്തിൽ ടോൾ പിരിവ് ഒഴിവാക്കാൻ നിർവ്വാഹമില്ല.

മേൽപ്പാലങ്ങൾ

316 (T 7287) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചുവെന്നും എത്ര എണ്ണത്തിന്റെ പണി പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) എത്ര റെയിൽവേ മേൽപ്പാലങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി മേൽപ്പാലങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 9 മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും 11 മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആകെ 75 റെയിൽവേ മേൽപ്പാലങ്ങൾ നിലവിലുണ്ട്.

(സി) ഉണ്ട്. 24 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

പൈങ്കുളം മുള്ളൂർക്കര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

317 (7288) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പൈങ്കുളം മുള്ളൂർക്കര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly